DESPATCHED
On...04/03/2020

7/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.807(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.10202/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. പ്രദീപ്കുമാർ ജെ.,
പുല്ലുവിള പുത്തൻ വീട്,
പരശുവയ്ക്കൽ പി.ഒ.,
പാറശ്ശാല – 695 508. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പോലീസ് സബ് ഇൻസ്പെക്ടർ,
പാറശ്ശാല പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23/04/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23/05/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 16/06/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 16/06/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08/07/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/07/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 06/02/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പ്രദീപ്കുമാർ ജെ., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, പാറശ്ശാല പോലീസ് സ്റ്റേഷൻ ക്രൈം നം. 232/2015 കേസ്സുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും എഫ്.ഐ.ആർ., എഫ്.ഐ.എസ്. എന്നിവയുടെ പകർപ്പുകൾ മാത്രമാണ് ടിയാന് അയച്ചു നൽകിയത് എന്നും മറ്റു രേഖകൾ കേസ് അന്വേഷണത്തിലാണെന്ന് അറിയിച്ച് നിഷേധിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, പാറശ്ശാല പോലീസ് സ്റ്റേഷൻ ക്രൈം നം.232/2015-ലെ എഫ്.ഐ.ആർ., എഫ്.ഐ.എസ്., മഹസർ, ചാർജ് ഷീറ്റ് എന്നിവയുടെ പകർപ്പുകൾ നൽകണമെന്നും 22.4.2015-ലെ തങ്കത്തിന്റെയും സെൽവിയുടെയും മൊഴി പകർപ്പുകളും പ്രതിഭാഗ സാക്ഷികളുടെ മൊഴികളും നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, മേൽപ്പടി കേസ്സിന്റെ എഫ്.ഐ.ആർ., എഫ്.ഐ.എസ്. എന്നിവ നൽകുന്നു എന്നും മറ്റു രേഖകൾ കേസ് അന്വേഷണാവസ്ഥയിലായതിനാൽ നൽകുവാൻ നിർവ്വാഹമില്ല എന്നുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയ കേസ്സിന്റെയും എഫ്.ഐ.ആർ.ന്റെയും എഫ്.ഐ.സി.ന്റെയും പകർപ്പുകൾ ടിയാന് നൽകിയിരുന്നു എന്നും മറ്റു രേഖകൾ നൽകാൻ സാധിക്കാത്തത് കേസ് അന്വേഷണാവസ്ഥയിലായിരുന്നതിനാലാണ് എന്നുമാണ്. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷി ബോധിപ്പിച്ചത്, പരാമർശിത കേസ്സിൽ 30.7.15 തീയതിയാണ് കുറ്റപ്പത്രം സമർപ്പിച്ചത് എന്നും ഹർജിക്കാരന് മറുപടി നൽകുന്ന അവസരത്തിൽ കേസ് അന്വേഷണാവസ്ഥയിൽ ആയിരുന്നു എന്നും മറ്റുമാണ്

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ ബന്ധപ്പെട്ട കേസിന്റെ എഫ്.ഐ.ആർ., എഫ്.ഐ.എസ്. എന്നിവയുടെ പകർപ്പുകൾ ഹർജിക്കാരന് നൽകിയിരുന്നതായും മറ്റു വിവരങ്ങൾ നൽകാൻ സാധിക്കാത്തത് കേസ് അന്വേഷണാവസ്ഥയിൽ ആയിരുന്നതിനാലായിരുന്നു എന്നും കാണുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട മറ്റു രേഖകളുടെ വെളിപ്പെടുത്തൽ ബന്ധപ്പെട്ട കേസിന്റെ തുടർ അന്വേഷണത്തെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ടെന്ന് ബോധ്യമായതിനാലാണ് ആയത് എതിർകക്ഷി ഹർജിക്കാരന് നൽകാത്തത് എന്നു കാണുന്നു. ആയതിനാൽ ഇക്കാര്യത്തിൽ എതിർകക്ഷിയുടെ ഭാഗത്തു നിന്നും വിവരാവകാശ നിയമപ്രകാരം അപാകതകൾ ഒന്നും സംഭവിച്ചിട്ടില്ല എന്നു കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 7-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us